**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **15-10-2024 - ൽ മറുപടിയ്ക്ക്**

**കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോളേജുകളിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കോളേജുകളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറുടെ വെബ്പോർട്ടൽ നിലവിൽ വന്നിട്ടുള്ളതാണ്. ക്യാമ്പസ് വ്യവസായപാർക്കുകൾ ആരംഭിക്കുന്നതിന് തയ്യാറാകുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷകൾ വെബ്പോർട്ടലിലൂടെ സ്വീകരിച്ചുവരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയവെളിച്ചത്ത് പ്രവർത്തിക്കുന്ന സ്ഥലസൗകര്യമുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കൂത്തുപറമ്പ് വലിയവെളിച്ചത്ത് പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ (ഐ.എച്ച്.ആർ.ഡി.) നിന്നും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വകുപ്പിൽ ലഭ്യമായിട്ടില്ല; ഓൺലൈൻ ആയി അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| (സി) | വ്യവസായ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും പ്രസ്തുത കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടി എന്താണ്; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ഉടനീളമുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ 29/2/2024-ലെ സ.ഉ. (കൈ) നം. 16/2024/വ്യവ. പ്രകാരം വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനും, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സംരംഭങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകുന്നതിനും, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിലെ പ്രവർത്തനങ്ങളിൽ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ 29-07-2024-ലെ G.O.(Rt) No. |

949/2024/HEDN നമ്പർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്നതിനായി വ്യവസായ വകുപ്പ് തയ്യാറാക്കിയ വെബ് പോർട്ടൽ മുഖേന, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് 1999-ലെ "കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് നിയമത്തിന്റെ" പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ, പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്നു പരിശോധിക്കേണ്ടതും സ്ഥലം അനുയോജ്യമാണോയെന്ന് കണ്ടെത്തി ശിപാർശ ചെയ്യേണ്ടതും ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റിയാണ്. തുടർന്ന് സർക്കാർ തലത്തിൽ 8 വകുപ്പ സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതതലസമിതി പരിശോധിച്ച് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നു.

ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification

| | | | |
|---|---|---|---|
| | | | facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും, Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് പരമാവധി 1.5 കോടി രൂപ സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാനസൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ